LIBRARY ARCHIVES Kerala Legislative Assembly

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണം**

20 (*500) ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണത്തിനായി ഈ സർക്കാർ നടപ്പാക്കിയിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വാസയോഗ്യമായ വീട് അനുവദിക്കുന്നത്. കൂടാതെ, ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

2019-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേയുടെയും ഊര് കൂട്ടത്തിന്റെയും കണക്കുകൾപ്രകാരം ഭൂരഹിത ഭവനരഹിതരായി 7930 പേരും ഭൂമിയുള്ള ഭവനരഹിതരായി 16070 പട്ടികവർഗ്ഗക്കാരുമുണ്ടെന്ന് കണ്ടെത്തിയിരുന്നു.

(സി) നിലവിലെ പദ്ധതികൾ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായുള്ള തുക പര്യാപ്തമല്ല എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ലൈഫ് മിഷൻ പദ്ധതിപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നുണ്ട്. എന്നാൽ, ലൈഫ് മിഷൻ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുള്ളിൽ നിർമ്മിക്കുന്ന വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിലും അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ വീടുകൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി തുകയുടെ 20% വരെ അധികമായി അനുവദിച്ചുവരുന്നുണ്ട്.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരഹിതർക്കായി പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഇ) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷി ഭൂമി വീതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി ലഭ്യതയുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ച് അഞ്ചേക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വതോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ള നടപടി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. വനാവകാശ നിയമം, ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി കണ്ടെത്തി ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ**

21 (*501) ശ്രീ. എം. മുകേഷ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായി ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് SC/ST കുടുംബങ്ങൾക്കും മലയോര തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly